**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ശ്രീ. അരുൺ രംഗൻ സമർപ്പിച്ച പുനഃപരിശോധനാ ഹർജി - അച്ചടക്ക നടപടിയിൽ നിന്ന് ഒഴിവാക്കി - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ)നം. 1859/2020/തസ്വഭവ    തീയതി, തിരുവനന്തപുരം, 09.10.2020

---

പരാമർശം: 1 ആലപ്പുഴ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ അരുൺ രംഗനെതിരെ നൽകിയ 11/07/2016 ലെ ഇയു 1/199/2016 തസ്വഭവ നമ്പർ കുറ്റപത്രം

2. കുറ്റപത്രത്തിന് ശ്രീ.അരുൺ രംഗൻ 29.08.2016 ൽ സമർപ്പിച്ച പ്രതിവാദ പത്രിക.

3. 23/01/2020 തീയതിയിലെ സ.ഉ. (സാധാ)നം. 177/2019/തസ്വഭവ നമ്പർ ഉത്തരവ്

4. 24/06/2020 തീയതിയിൽ ശ്രീ.അരുൺ രംഗൻ സമർപ്പിച്ച പുനഃപരിശോധനാ ഹർജി .

5. നഗരകാര്യ ഡയറക്ടറുടെ 06/05/2016, 30/11/2016, 17/02/2019, 04/09/2020 തീയതികളിലെ വി2-10556/2016 നമ്പർ കത്തുകൾ

**ഉത്തരവ്**

2016 തീയതിയിലെ കേരളാ ജനറൽ അസംബ്ലി തിരഞ്ഞെടുപ്പ് ആവശ്യത്തിലേക്ക് ആലപ്പുഴ നഗരസഭയിലെ കെ . എൽ 04-7777 വാഹനം ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയെന്ന ക്രമക്കേട് സംബന്ധിച്ച് ആലപ്പുഴ ജില്ലാ കളക്ടർ സർക്കാരിന് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ. അരുൺ രംഗനെതിരെ സൂചന 1 പ്രകാരം KCS(CC& A) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള കടുത്ത ശിക്ഷക്കുള്ള കുറ്റാരോപണ പത്രിക നൽകിയിരുന്നു. ഇതിന്മേൽ നഗരകാര്യ ഡയറക്ടർ അനുകൂല റിപ്പോർട്ട് ലഭ്യമാക്കുകയും ടിയാന് അച്ചടക്ക നടപടികളിൽ നിന്ന് ഒഴിവാക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു . കുറ്റാരോപണ പത്രികയ്ക്ക് ടിയാൻ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 23.01.2020 തീയതിയിലെ സ . ഉ . ( സാധാ ) നം . 177/2020/ തസ്വഭവ നമ്പർ പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് ആറ് മാസത്തേയ്ക്ക് തടഞ്ഞു കൊണ്ട് ആയത് തീർപ്പാക്കുകയും ചെയ്തിരുന്നു.ടി ഉത്തരവിന്മേൽ സൂചന മൂന്ന് പ്രകാരം ടിയാൻ പുന : പരിശോധനാ ഹർജി സമർപ്പിച്ചിരുന്നു .

ടി ഉത്തരവ് പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ സമർപ്പിച്ച പുനഃപരിശോധനാ ഹർജിയിൽ ചുവടെ ചേർക്കുന്ന വാദങ്ങൾ ഉന്നയിച്ചിരുന്നു .

i. നഗരകാര്യ ഡയറക്ടറുടെ 06/05/2016 പ്രകാരമുള്ള പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ ടിയാനെ കുറ്റവിമുക്തനാക്കാൻ ശുപാർശ ചെയ്തിരുന്നു .

ii. നഗരകാര്യ ഡയറക്ടറുടെ 30/11/2018 ൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ ആരോപണങ്ങൾ ശരിയല്ലായെന്നും ടിയാനെ കുറ്റവിമുക്തനാക്കാനും ശുപാർശ ചെയ്തിരുന്നു .

iii. വാഹനം വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ടിയാൻ പാലിച്ചിട്ടുണ്ട് .

പുന : പരിശോധനാ ഹർജിയിന്മേൽ പരാമർശം 5 ലെ 04/9/2020 തീയതിയിലെ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ പരാമർശം 5 പ്രകാരം ലഭ്യമായ റിപ്പോർട്ടുകളും ആലപ്പുഴ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. അരുൺ രംഗൻ സമർപ്പിച്ച പുനപരിശോധനാ ഹർജിയും പരിഗണിച്ച് ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി കൊണ്ട് പരാമർശം 3 ലെ ഉത്തരവ് പ്രകാരം നൽകിയ ശിക്ഷ ഒഴിവാക്കി തുടർ നടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

ശ്രീ. അരുൺ രംഗൻ സമർപ്പിച്ച പുനഃപരിശോധനാ ഹർജി ഇപ്രകാരം തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ശ്രീ.അരുൺ രംഗൻ , വടകര നഗരസഭാ സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ